'ഭരണഭാഷ- മാതൃഭാഷ'

F 2716 8427619 28/06/19

150 YEARS OF CELEBRATING THE MAHATMA

27/6/19

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ശ്രീ.കെ.ബാബു ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 24929/2018 നമ്പർ ഹർജിയിലെ 25/07/2018 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.749/2019/തൊഴില്‍ തീയതി,തിരുവനന്തപുരം, 26/06/2019**

---

പരാമർശം:- 1) സ.ഉ.(എം.എസ്.) 135/2014/ തൊഴിൽ, തീയതി, 04.11.2014

2) ശ്രീ.കെ.ബാബു 21/05/2018 തീയതിയായി സർക്കാരിൽ സമർപ്പിച്ച നിവേദനം (ഡബ്ല്യുപി (സി) 24929/18 നമ്പർ ഹർജിയിലെ Exhibit - P8)

3) ബഹു.കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.കെ.ബാബു ഫയൽ ചെയ്ത ഡബ്ല്യു.പി (സി) 24929/18 നമ്പർ ഹർജിയിലെ 25/07/2018 ലെ വിധി ന്യായം.

4) അഡ്വക്കേറ്റ് ജനറലിന്റെ 05.09.2018 ലെ എച്ച് - ഡബ്ല്യു.പി. (സി).24929/2018 നമ്പർ കത്ത്.

5) ട്രെയിനിംഗ് ഡയറക്ടറുടെ 22.09.2018, 10.01.2019, 10.05.2019 എന്നീ തീയതികളിലെ എഫ്/11277/2018 നമ്പർ കത്തുകൾ

**ഉത്തരവ്**

ശ്രീ.കെ.ബാബു കേരള സംസ്ഥാന വൈദ്യുതി ബോർഡിലെ ജീവനക്കാരനാണ്. ടി വ്യക്തി പ്രൈവറ്റ് വിദ്യാർത്ഥിയായി വയർമാൻ ട്രേഡിൽ റഗുലർ ഐ.ടി.ഐ വിദ്യാർത്ഥികൾക്കൊപ്പം ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിന്റെ അതേ സിലബസിൽ ആൾ ഇന്ത്യാ ട്രേഡ് ടെസ്റ്റ് പാസായിരുന്നു. ഐ.ടി.ഐ പ്രവേശനം നേടാതെ, ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രൈവറ്റ് വിദ്യാർത്ഥിയായി പരീക്ഷ എഴുതുന്നവർക്ക് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എൻ.സി.വി.ടി) നൽകുന്ന സർട്ടിഫിക്കറ്റ്, നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് (എൻ.റ്റി.സി) യോഗ്യതയായി നിശ്ചയിച്ച തസ്തികകളിലേക്ക് അംഗീകരിച്ച് മുൻകാല പ്രാബല്യത്തോടെ ഉത്തരവ്

പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് ടി വ്യക്തി പരാമർശം - 2 പ്രകാരം ഒരു നിവേദനം സമർപ്പിച്ചു. ആയത് Exhibit - P8 ആയി ചേർത്ത് ടി വ്യക്തി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഡബ്ല്യു.പി.സി 24929/2018 നമ്പരായി ഒരു ഹർജി ഫയൽ ചെയ്യുകയും ചെയ്തു. ടി ഹർജിയിൽ പരാമർശം - 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ആയതിൽ ഹർജിയിലെ ഒന്നാം എതിർ കക്ഷി ഹർജിയുടെ പകർപ്പ് ലഭിച്ച ശേഷം 2 മാസത്തിനകം ആയതിലെ Exhibit - P8 പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണം എന്നാണ് നിർദ്ദേശിച്ചിരുന്നത്.

2) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ. കളിൽ 1960 കാലഘട്ടത്തിൽ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിനു കീഴിൽ 18 മാസത്തെ കോഴ്സിനുശേഷം 6 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗും കൂടി ചേർത്താണ് വിവിധ ട്രേഡുകളിൽ പരിശീലനം നടത്തി വന്നിരുന്നത്. ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് 1966 ആഗസ്റ്റ് മുതൽ ടി കോഴ്സുകളുടെ പുനഃക്രമീകരണം നടപ്പിലാക്കിയപ്പോൾ 18 മാസത്തെ കോഴ്സും 6 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗും നിർത്തലാക്കി പകരം 2 വർഷത്തെ കോഴ്സ് എന്ന രീതിയിൽ പുതിയ ഘടന നിലവിൽ വന്നു. എന്നാൽ പല വകുപ്പുകളിലും ആയതിനനുസരിച്ച് സ്പെഷ്യൽ റൂളുകളിൽ ആ മാറ്റം വന്നിട്ടില്ല. മുൻപ് നിലവിലുണ്ടായിരുന്ന രീതി പിൻതുടർന്ന് പി.എസ്.സി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനാൽ നിലവിലെ 2 വർഷ കോഴ്സ് പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് 18 മാസത്തെ കോഴ്സും 6 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗും ഉണ്ടായിരുന്ന 17 ട്രേഡുകളിലെ (വയർമാൻ ഉൾപ്പെടെ) രണ്ടു വർഷ കോഴ്സിനു ശേഷം നല്കുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് 18 മാസത്തെ കോഴ്സിനുശേഷം 6 മാസത്തെ ഇൻ പ്ലാന്റ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുമ്പോൾ നല്കിയിരുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് തുല്യമാക്കി പരാമർശം - 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) ഐ.ടി.ഐ കളിൽ റഗുലർ പരിശീലനത്തിൽ ഏർപ്പെടുന്നവരും സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയത്തിന്റെ അടിസ്ഥാനത്തിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്യുന്നവരും ഒരേ ചോദ്യ പേപ്പറിൽ ഡി.ജി.ടി. നടത്തുന്ന ട്രേഡ് ടെസ്റ്റ് എഴുതി പാസായി നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നവരാണ് എന്നും ടി രണ്ട് ട്രേഡ് സർട്ടിഫിക്കറ്റുകളും ഒരേ മൂല്യമുള്ളതും തൊഴിലുകൾക്ക് ഒരേ പോലെ പരിഗണിക്കാവുന്നതാണ് എന്നും പരാമർശം -5 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തുള്ള സ്ഥാപനങ്ങളിൽ ജോലികൾക്ക് യോഗ്യത പരിഗണിക്കുമ്പോൾ റഗുലർ പഠനം വഴി നേടുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും പ്രൈവറ്റ് ആയി രജിസ്റ്റർ ചെയ്ത് നേടുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും ഒരേ മൂല്യത്തോടെ പരിഗണിക്കേണ്ടതാണ് എന്ന് സർക്കാർ തലത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കും എന്നും ടി കത്തുകൾ പ്രകാരം ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.ബാബു 2005 വർഷത്തിൽ പ്രൈവറ്റ് ആയി രജിസ്റ്റർ ചെയ്ത് വയർമാൻ ട്രേഡിൽ നാഷണൽ ട്രേഡ്

സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ വ്യക്തിയാണ്. ടി കാലഘട്ടത്തിൽ സർക്കാർ ഐ.ടി.ഐ കളിൽ നിലനിൽക്കുന്ന വയർമാൻ ട്രേഡ് രണ്ട് വർഷത്തെ കോഴ്സാണ്. 1966 കാലഘട്ടത്തിൽത്തന്നെ 18 മാസത്തെ കോഴ്സും 6 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗും എന്ന ട്രെയിനിംഗ് രീതി ഐ.ടി.ഐ.കളിൽ നിർത്തലാക്കിയിരുന്നു. രണ്ടു വർഷ കോഴ്സിനു ശേഷം നല്കുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, 18 മാസത്തെ കോഴ്സിനുശേഷം 6 മാസത്തെ ഇൻ പ്ലാന്റ് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കുമ്പോൾ നല്കിയിരുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനോട് തുല്യമാക്കി പരാമർശം - 1 പ്രകാരം സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നിട്ടും ടി വ്യക്തി ജോലി ചെയ്യുന്ന സ്ഥാപനത്തിൽ ടി വ്യക്തിയുടെ സർട്ടിഫിക്കറ്റ് പരിഗണിക്കാത്തതിനാലാണ് നിവേദനം സമർപ്പിച്ചിരിക്കുന്നത്. ഐ.ടി.ഐ കളിൽ റഗുലർ പരിശീലനത്തിൽ ഏർപ്പെടുന്നവരും സ്ഥാപനങ്ങളിലെ പ്രവൃത്തി പരിചയത്തിന്റെ അടിസ്ഥാനത്തിൽ പ്രൈവറ്റായി പരീക്ഷ എഴുതുന്നവരും ഒരേ ചോദ്യ പേപ്പറിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.ടി.) നടത്തുന്ന ട്രേഡ് ടെസ്റ്റ് എഴുതി പാസായി നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നവരാണ്. സർട്ടിഫിക്കറ്റുകൾ നല്കുന്നതും ഒരേ അതോറിറ്റി തന്നെയാണ്. ഈ സാഹചര്യത്തിൽ റഗുലർ പഠനം വഴി നേടുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനും പ്രൈവറ്റ് ആയി രജിസ്റ്റർ ചെയ്ത് നേടുന്ന നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിനും ഒരേ മൂല്യമാണ് എന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) ശ്രീ കെ.ബാബു ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) നം. 24929/2018 കേസിലെ പരാമർശം 3- ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിഷ എസ്
അഡീഷണല് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, , എറണാകുളം (ആമുഖ കത്ത് സഹിതം)
ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ബാബു.കെ, ഗോമതി 47/583, ആദിത്യപുരം ഗ്രാമം, മേലാമുറി, പള്ളിപ്പുറം.പി.ഒ, പാലക്കാട്-678006.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയാ) വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ